ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:11.12.2025**

## പ്രധാനവാർത്തകൾ

1. **തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പിൽ സംസ്ഥാനത്ത് 75 ശതമാനത്തിനു മുകളിൽ പോളിങ്. വോട്ടെടുപ്പ് പൊതുവേ സമാധാനപരം.**
2. **വോട്ടെണ്ണൽ മറ്റന്നാൾ രാവിലെ 8 മണിക്ക് ആരംഭിക്കും. മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.**
3. **പാർലമെന്റിന്റെ ഇരുസഭകളും നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾക്ക് വേദിയായി രാജ്യസഭ.**
4. **മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തിരുവനന്തപുരത്ത് നാളെ തിരിതെളിയും.**
5. **ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് അൽപസമയത്തിനകം തുടക്കം .**

**************************************************

RNUTVPM

## തദ്ദേശ തിരഞ്ഞെടുപ്പ് - രണ്ടാംഘട്ടം

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പിൽ സംസ്ഥാനത്ത് ഇതുവരെ 75.49 ശതമാനം പോളിങ്. തൃശൂർ മുതൽ കാസർകോട് വരെയുള്ള 7 ജില്ലകളിലാണ് ഇന്ന് പോളിങ് നടന്നത്. വോട്ടെടുപ്പിൻറെ സമയപരിധി ആറ് മണിയോടെ

പൂർത്തിയായെങ്കിലും ക്യൂവിൽ അവശേഷിച്ചിരുന്നവർക്ക് വോട്ട് ചെയ്യാൻ ക്രമീകരണം ഒരുക്കിയിട്ടുണ്ട്. മികച്ച ജനപങ്കാളിത്തമാണ് മിക്ക ബൂത്തുകളിലും രാവിലെ മുതൽ ദൃശ്യമായത്. 604 തദ്ദേശ സ്ഥാപനങ്ങളിലെ 12,391 വാർഡുകളിലാണ് ഇന്ന് തിരഞ്ഞെടുപ്പ് നടന്നത്. വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. ഒന്നും, രണ്ടും ഘട്ടങ്ങളിലായി 73.37 ശതമാനം പോളിങ്ങാണ് സംസ്ഥാനത്ത് രേഖപ്പെടുത്തിയിരിക്കുന്നത്.

******************************************************************

## പോളിംഗ് - ശതമാനം

തൃശൂർ ജില്ലയിൽ 72 ഉം, പാലക്കാട് 75.76 ഉം, മലപ്പുറത്ത് 76.97 ഉം ശതമാനം പോളിങ്ങ് രേഖപ്പെടുത്തി. കോഴിക്കോട് വോട്ടിങ്ങ് ശതമാനം 76.59 ഉം, വയനാട്, 77.49 ഉം ആണ്. കണ്ണൂരിൽ 75.9 ഉം കാസർകോട് 74.19 ഉം ശതമാനം ആണ് ഇതുവരെയുള്ള പോളിങ്ങ്. കോഴിക്കോട് കോർപ്പറേഷനിൽ 68.96 ഉം, കണ്ണൂർ കോർപ്പറേഷനിൽ 68.93 ഉം, തൃശൂർ കോർപ്പറേഷനിൽ 62 ഉം ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. വയനാട് ജില്ലയിലാണ് നിലവിൽ ഏറ്റവും കൂടുതൽ പോളിങ്ങ് . തൃശൂർ ആണ് പോളിങ്ങ് ഏറ്റവും കുറവ്. പോളിങ്ങ് ശതമാനത്തിൻറെ അന്തിമ കണക്കുകൾ വരും മണിക്കൂറുകളിൽ അറിയാൻ സാധിക്കും. മൂന്ന് കോർപ്പറേഷനുകൾക്ക് പുറമേ 47 മുനിസിപ്പാലിറ്റികളിലും, 470 ഗ്രാമപഞ്ചായത്തുകളിലും, 77 ബ്ലോക്ക് പഞ്ചായത്തുകളിലും, 7 ജില്ലാ പഞ്ചായത്തുകളിലുമാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിലെ, ഒന്നാം ബൂത്തിൽ ഇന്ന് റീപോളിങ്ങും നടന്നു.

RNU TVPM

******************************************************************

## പ്രശ്നബാധിത ബൂത്ത് (ഇൻട്രോ)

ഇന്നു തദ്ദേശ തെരഞ്ഞെടുപ്പു നടന്ന ബൂത്തുകളിൽ 2,055 എണ്ണമാണ് പ്രശ്നബാധിതമായി റിപോർട്ടു ചെയ്യിരുന്നത്. കാര്യമായ അനിഷ്ട സംഭവങ്ങളൊന്നും ഇവിടെ റിപോർട്ടു ചെയ്യിട്ടില്ല. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

******************************************************

## കണ്ണൂർ - തിരഞ്ഞെടുപ്പ് (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ മികച്ച പോളിംഗ്. ജില്ലയിലെ നഗരമേഖലയിലും, ഗ്രാമീണ തലത്തിലും വലിയ തോതിലുള്ള ജനപങ്കാളിത്തമാണ് വോട്ടെടുപ്പിൽ ഉടനീളം ദൃശ്യമായത്. കണ്ണൂരിൽ പോളിങ്ങ് പൊതുവേ സമാധാനപരമായിരുന്നു. **വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ...**

(വോയ്സ്)

KNU TVPM

******************************************************

## തൃശ്ശൂർ - തിരഞ്ഞെടുപ്പ് (ഇൻട്രോ)

തൃശൂർ ജില്ലയിൽ പോളിങ്ങ് മിക്കയിടങ്ങളിലും പൂർത്തിയായി. അൽപം ചില അനിഷ്ട സംഭവങ്ങളൊഴിച്ചാൽ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.....**

(വോയ്സ്)

******************************************************

## പാലക്കാട് - തിരഞ്ഞെടുപ്പ് (ഇൻട്രോ)

പാലക്കാട് ജില്ലയിലും വോട്ടർമാരുടെ ഭാഗത്തു നിന്നും മികച്ച പ്രതികരണമാണുണ്ടായത്. ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ 80 ശതമാനത്തിന് മുകളിലാണ് പോളിങ്. പട്ടാമ്പി, ചേർപ്പുളശ്ശേരി നഗരസഭകളിലും പോളിങ് 75 ശതമാനത്തിന് മുകളിലെത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്........**

**(വോയ്സ്)**

**************************************************************

## സ്ഥാനാർത്ഥികൾ

RNU TVPM

കാസർകോട് മംഗൽപാടി, മടിക്കൈ ഗ്രാമ പഞ്ചായത്തുകളിലെ ഓരോ വാർഡിലും, കണ്ണൂർ ആന്തൂർ മുനിസിപ്പാലിറ്റിയിലെ 5 വാർഡുകളിലും, കണ്ണപുരം, മലപ്പട്ടം ഗ്രാമപഞ്ചായത്തുകളിലായി 9 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ ഈ വാർഡുകളിലേക്ക് ഇന്ന് വോട്ടെടുപ്പ് ഉണ്ടായിരുന്നില്ല. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിലെ സ്ഥാനാർത്ഥി മരണപ്പെട്ടതിനാൽ ആ വാർഡിലെ വോട്ടെടുപ്പും മാറ്റിവച്ചിരിക്കുകയാണ്.

**************************************************************

## വോട്ടെണ്ണൽ

തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ മറ്റന്നാൾ രാവിലെ 8 മണിക്ക് ആരംഭിക്കും. സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് സജ്ജമാക്കിയിരിക്കുന്നത്. ആദ്യം പോസ്റ്റൽ ബാലറ്റുകൾ എണ്ണി തുടങ്ങും. തുടർന്ന് വോട്ടിങ് മെഷീനുകളിലെ

വോട്ടുകൾ എണ്ണും. ഒരു വാർഡിലെ എല്ലാ പോളിങ് സ്റ്റേഷനുകളുടെയും മെഷീനുകൾ ഒരു ടേബിളിൾ തന്നെ ആയിരിക്കും എണ്ണുക. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് സ്ഥാപന തലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ . സ്ഥാനാർത്ഥികളുടെയോ ഏജന്റുമാരുടെയോ സാന്നിധ്യത്തിലായിരിക്കും വോട്ടെണ്ണൽ നടക്കുക. വരണാധികാരി അനുവദിക്കുന്ന വ്യക്തികളെ മാത്രമേ വോട്ടെണ്ണൽ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുകയുള്ളൂ. വോട്ടെടുപ്പ് പൂർത്തിയായ ശേഷം പോളിങ് സാധനങ്ങളും ഇ.വി.എമ്മും വിതരണകേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ള സ്ട്രോങ് റൂമുകളിലാണ് സൂക്ഷിക്കുക.

************************************************************

## ട്രഷറികൾ - തുറന്നു പ്രവർത്തിക്കും

RNUTVPM

വോട്ടെണ്ണൽ നടക്കുന്ന ഡിസംബർ 13ന് എല്ലാ സർക്കാർ ട്രഷറികളും തുറന്നു പ്രവർത്തിക്കുന്നതിന് ട്രഷറി ഡയറക്ടർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് രേഖകൾ സർക്കാർ ട്രഷറികളുടെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിക്കുന്നതിനായാണ് ഈ നടപടി.

************************************************************

## സാധനങ്ങൾ മാറ്റണം

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് അവസാനിച്ചതിനാൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ഉപയോഗിച്ച പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ നിർദ്ദേശിച്ചു. വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ഉദ്യോഗസ്ഥരും മറ്റുള്ളവരും ഹരിത ചട്ടം പാലിക്കാൻ ശ്രദ്ധിക്കണം. റോഡിലും പൊതുസ്ഥലങ്ങളിലുമുള്ള പ്രചരണബോർഡുകൾ, ബാനറുകൾ എന്നിവ ഉടൻ നീക്കം

ചെയ്യാൻ സ്ഥാനാർത്ഥികളും രാഷ്ട്രീയപാർട്ടികളും മുൻകൈയെടുക്കണം.

*************************************************

## സത്യപ്രതിജ്ഞ

ഭരണസമിതിയുടെ കാലാവധി ഈ മാസം 20ന് അവസാനിക്കുന്ന തദ്ദേശസ്ഥാപനങ്ങളിലെ പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഈ മാസം 21 ന് മുൻപ് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കണമെന്നാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിരിക്കുന്ന നിർദേശം. പഞ്ചായത്തുകളിലും നഗരസഭകളിലും ആദ്യ അംഗത്തെ അതത് വരണാധികാരികളാണ് സത്യപ്രതിജ്ഞ ചെയ്യിക്കുക. കോർപ്പറേഷനുകളിൽ ജില്ലാ കളക്ടർമാർ ആദ്യ അംഗത്തെ സത്യപ്രതിജ്ഞ ചെയ്യിക്കും. സത്യപ്രതിജ്ഞയ്ക്കുശേഷം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആദ്യ യോഗം ചേരും. പഞ്ചായത്ത് പ്രസിഡന്റ് വൈസ് പ്രസിഡന്റ് മുനിസിപ്പൽ ചെയർപേഴ്സൺ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ ഭരണാധികാരികൾ നടത്തേണ്ടതാണ്. കോർപ്പറേഷൻ മേയർ ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പുകൾ ജില്ലാ കളക്ടർമാരാണ് നടത്തേണ്ടത്.

PRUTVPM

*************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

*************************************************

## വന്ദേ മാതരം

പാർലമെൻറിൻറെ ഇരുസഭകളും നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. വന്ദേ മാതരത്തിൻറെ 150-ാം

വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ചകൾ രാജ്യസഭയിൽ പൂർത്തിയായി. ദേശീയ ഗീതമായ വന്ദേ മാതരം രാഷ്ട്രത്തിന്റെ ആത്മാവിനെ ഉണർത്തുന്ന മന്ത്രമാണെന്ന് ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര മന്ത്രി ജെ.പി. നഡ്ഡ പറഞ്ഞു . സ്വാതന്ത്ര്യ സമരകാലത്ത് നടന്ന നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വന്ദേമാതരം ഏവർക്കും ഊർജ്ജം പകർന്നു നൽകുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു. ചർച്ചയിലൂടെ മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പ്രതിച്ഛായ തകർക്കാനുള്ള ശ്രമങ്ങൾ ഭരണപക്ഷം നടത്തുന്നു എന്ന കോൺഗ്രസിന്റെ ആരോപണത്തിനും ശ്രീ നഡ്ഡ മറുപടി നൽകി. നെഹ്റുവിനെ ഇകഴ്ത്താനല്ല, മറിച്ച് ചരിത്രം നേരായ രീതിയിൽ രേഖപ്പെടുത്താനാണ് സർക്കാരിൻറെ ശ്രമമെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി 80-ൽ അധികം അംഗങ്ങളാണ് വന്ദേ മാതരം ചർച്ചയിൽ പങ്കെടുത്തത്.

***************************************************

## തിരഞ്ഞെടുപ്പ് പരിഷ്കരണം

തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങളെക്കുറിച്ചുള്ള ചർച്ചകളും രാജ്യസഭയിൽ ഇന്ന് നടന്നു. തിരഞ്ഞെടുപ്പ് കമ്മീഷൻറെ വിശ്വാസ്യത നഷ്ടപ്പെടുന്നത് ജനാധിപത്യ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുമെന്നും, വിശ്വാസ്യത വീണ്ടെടുക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ശ്രമിക്കണമെന്നും ചർച്ചക്ക് തുടക്കം കുറിച്ച് കോൺഗ്രസ് എം.പി. അജയ് മാക്കൻ പറഞ്ഞു . തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾക്ക് കോൺഗ്രസ് ഭരണകാലത്ത് വേണ്ടത്ര പരിഗണന നൽകിയിരുന്നില്ലെന്ന് ബി.ജെ.പി. നേതാവ് സുധാംശു ത്രിവേദി ചർച്ചയിൽ ആരോപിച്ചു. ഇലക്ടറൽ ബോണ്ടുകൾ തിരഞ്ഞെടുപ്പ് സംവിധാനത്തിൽ സുതാര്യത കൊണ്ടുവന്നതായും അദ്ദേഹം പറഞ്ഞു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾക്ക് കേന്ദ്ര

RNU TVPM

ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ ലോക്സഭയിൽ മറുപടി നൽകിയിരുന്നു.

***

## ചലച്ചിത്ര മേള (ഇൻട്രോ)

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തിരിതെളിയും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകുന്നേരം ആറ് മണിക്കാണ് ഉദ്ഘാടന ചടങ്ങ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്**

**(ഹോൾഡ്)**

ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് പാസ് വിതരണം ഇന്ന് ആരംഭിച്ചു. ആദ്യ ഡെലിഗേറ്റ് കിറ്റ് നടിയും സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവുമായ ലിജോമോൾ ജോസ് ഏറ്റുവാങ്ങി.

***

## ഐ എഫ് എഫ് കെ - മീഡിയ സെൽ

30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ മീഡിയ സെൽ പ്രവർത്തനം ആരംഭിച്ചു. ടാഗോർ തിയേറ്ററിൽ നടന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ മീഡിയ സെൽ ഉദ്ഘാടനം ചെയ്തു. ഐ.എഫ്.എഫ്.കെ മീഡിയ പാസും, കിറ്റും, നാളെ രാവിലെ 9.30 മുതൽ മീഡിയ സെല്ലിൽ നിന്നും വിതരണം ചെയ്യും.

***

RNUTVPM

## ശബരിമല- വെർച്വൽ ക്യൂ (ഇൻട്രോ)

ശബരിമല മണ്ഡല പൂജയ്ക്കുള്ള വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചു. ഇന്നു വൈകിട്ട് അഞ്ചുവരെയുള്ള കണക്കനുസരിച്ച് സന്നിധാനത്ത് 64,287 പേർ ദർശനം നടത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയ്സ്)

************************************************************

## വി.സി.നിയമനം - എസ്. സി

കേരളത്തിൽ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ വി സി നിയമനത്തിൽ സുപ്രധാന നീക്കവുമായി സുപ്രീം കോടതി. വിസി മാരെ സുപ്രീംകോടതി നേരിട്ട് നിയമിക്കും. മുദ്ര വച്ച കവറിൽ പേരുകൾ നൽകാൻ ജസ്റ്റിസ് ദുലിയ കമ്മിറ്റിക്ക് കോടതി നിർദേശം നൽകി. മുഖ്യമന്ത്രിയുടെ കത്തും, ഗവർണറുടെ മറുപടിയും പരിശോധിച്ച ശേഷം സമിതി ബുധനാഴ്ചയ്ക്കകം കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കണം. കേസ് സുപ്രീംകോടതി വ്യാഴാഴ്ച വീണ്ടും പരിഗണിക്കും.

RNU TVPM

************************************************************

## പി രാജീവ്

വി സി നിയമനത്തിൽ സുപ്രീം കോടതിയുടെ തീരുമാനത്തോട് സംസ്ഥാന സർക്കാർ പൂർണമായും യോജിക്കുന്നതായി മന്ത്രി പി രാജീവ്. ജസ്റ്റിസ് ദുലിയ നൽകുന്ന പട്ടിക സർക്കാർ അംഗീകരിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. യോഗ്യരായവരെ തന്നെ നിയമിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചാൻസലറുടെ

അഭിപ്രായങ്ങളും ഒപ്പം മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളും പരിഗണിച്ച് സമവായത്തിൽ എത്താം എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചതെന്നും മന്ത്രി വ്യക്തമാക്കി .

**************************************************************

## തീവ്ര വോട്ടർ പട്ടിക

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ സമയപരിധി 6 ഇടങ്ങളിൽ പുനർനിശ്ചയിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പുതുക്കിയ തീയതി പ്രകാരം, തമിഴ്നാടും ഗുജറാത്തും എന്യൂമറേഷൻ പ്രക്രിയ ഈ മാസം 14-നകം പൂർത്തിയാക്കണം . മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ അവസാന തീയതി ഈ മാസം 18 വരെ നീട്ടിയിട്ടുണ്ട്. ഉത്തർപ്രദേശിൽ അവസാന തീയതി ഈ മാസം 26 വരെയാണ് നീട്ടിയത് . കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം നടക്കുന്നത്.

KNU TVPM

**************************************************************

## മുസിരിസ് ബിനാലെ

കൊച്ചി-മുസിരിസ് ബിനാലെ ആറാം പതിപ്പിന് നാളെ തുടക്കം. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ വൈകിട്ട് 5.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ബിനാലെ ഉദ്ഘാടനം ചെയ്യും. അവിസ്മരണീയ കലാനുഭവങ്ങളാണ് ബിനാലെയിൽ സന്ദർശകരെ കാത്തിരിക്കുന്നത്. 2026 മാർച്ച് 31 നാണ് ബിനാലെയുടെ സമാപനം

**************************************************************

## ടി-ട്വന്റി ക്രിക്കറ്റ്

ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് അൽപസമയത്തിനകം തുടക്കമാവും. ന്യൂ ചണ്ഡീഗഡ് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം ആരംഭിക്കുക. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ തകർത്ത വൻ വിജയത്തിന്റെ ആത്മവിശ്വാസത്തിലാണ് സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ടീം ഇന്ത്യ ഇന്ന് കളിക്കളത്തിലിറങ്ങുന്നത്.

**************************************************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 427 പോയിന്റ് ഉയർന്ന് 84,818 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 141 പോയിന്റ് നേട്ടത്തിൽ 25,899 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണ വില പവന് 95,880 രൂപയും ഗ്രാമിന് 11,985 രൂപയുമാണ് ഇന്നത്തെ വില .

PNU TVPM

**************************************************

## ശുചീകരണ യജ്ഞം

നാവികസേനാ ദിനാഘോഷങ്ങൾക്ക് ശേഷം കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിന്റെ നേതൃത്വത്തിൽ രണ്ട് ദിവസത്തെ ശുചീകരണ യജ്ഞം തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ സംഘടിപ്പിച്ചു. നാവിക കമാൻഡിന് കീഴിലുള്ള വിവിധ യൂണിറ്റുകളിൽ നിന്നുള്ള 74 നാവികർ ശുചീകരണ പരിപാടിയിൽ പങ്കെടുത്തു.

*************************************************************************************************************************

****************************